(3) ബ്ലോക്ക്/ഗ്രാമപഞ്ചായത്ത് തലത്തിൽ പദ്ധതിയുടെ ആസൂത്രണം നിർവഹണം അവലോകനം എന്നിവയിൽ സഹായിക്കുക.

(4) ജില്ലാ സാനിട്ടേഷൻ മിഷന്റെ ചുമതലകൾ നിർവഹിക്കുന്നതിൽ സഹായിക്കുക.

(5) ജില്ലാതല പ്രചാരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

(6) സമ്പൂർണ്ണ ശുചിത്വത്തിന്റേയും വിജ്ഞാന വിദ്യാഭ്യാസ വ്യാപനത്തിന്റേയും ജില്ലാതല പദ്ധതി തയ്യാറാക്കുക.

(7) പ്രാദേശികമായ പ്രശ്നങ്ങൾ കണ്ടെത്തുകയും അവയ്ക്കു പരിഹാരം നിർദ്ദേശിക്കുകയും ചെയ്യുക.

(8) കാലാകാലങ്ങളിൽ ശുചിത്വ സംബന്ധമായ വിലയിരുത്തൽ, പഠനങ്ങൾ നടത്തുക.

(9) ശുചിത്വ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുവേണ്ട ആവശ്യകതാബോധം ജനങ്ങളിൽ സൃഷ്ടിക്കുന്നതിനുള്ള തന്ത്രം ആവിഷ്കരിക്കുകയും നടപടി സ്വീകരിക്കുകയും ചെയ്യുക.

(10) ജില്ലാതലത്തിൽ അടിസ്ഥാന വിവരശേഖരണം നടത്തുകയും ജില്ലാതല വിവരശേഖരണ ക്രോഡീകരണ (ഡോക്കുമെന്റേഷൻ) കേന്ദ്രമാക്കി പ്രവർത്തിക്കുകയും ചെയ്യുക.

30/12/98-ലെ ജി.ഒ. അനുബന്ധമായി ചേർത്തിരിക്കുന്നു.†

22 (*52) സമയബന്ധിത വൈദ്യുതി കണക്ഷൻ

ശ്രീ. ലോനപ്പൻ നമ്പാടൻ :

ശ്രീ. കടകംപള്ളി സുരേന്ദ്രൻ :

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ :

ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി കണക്ഷനുവേണ്ടി അപേക്ഷിച്ചിട്ടുള്ളവർക്ക് സമയബന്ധിതമായി കണക്ഷൻ കൊടുക്കാത്തതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) പദ്ധതി എന്നു മുതൽ ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി എത്ര പേർക്ക് വൈദ്യുതി കണക്ഷൻ നൽകാൻ കഴിഞ്ഞു എന്ന് വെളിപ്പെടുത്തുമോ;

(ഇ) വൈദ്യുതി കണക്ഷൻ നൽകുന്നതിന് സബ്സ്റ്റേഷൻ ആരംഭിക്കേണ്ടതുണ്ടോ; എങ്കിൽ എത്ര സബ്സ്റ്റേഷൻ നിർമ്മിക്കേണ്ടി വരുമെന്നാണ് കണക്കായിട്ടുള്ളത്; ഇതിനകം എത്ര സബ്സ്റ്റേഷൻ സ്ഥാപിച്ചിട്ടുണ്ട്: പുതുതായി എത്രയെണ്ണം തുടങ്ങുവാനാണ് ഉദ്ദേശിക്കുന്നത്?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) ഉണ്ട്.

(ബി) 30/9/99 വരെ രജിസ്റ്റർ ചെയ്തിട്ടുള്ള നോർമൽ വെയർ പ്രൂഫ് കണക്ഷനുകളും 31/12/96 വരെ രജിസ്റ്റർ ചെയ്തിട്ടുള്ള നോർമൽ ഓവർ

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഹെഡ് കണക്ഷനുകളും ഈ സാമ്പത്തിക വർഷത്തിൽതന്നെ കൊടുത്തു തീർക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഈ സാമ്പത്തിക വർഷത്തിൽ കൊടുത്തുതീർക്കുന്നതിനുള്ള ടാർജറ്റ് പ്രകാരമുള്ള ജോലികൾ ഇപ്പോൾതന്നെ നടപ്പിലാക്കിവരുന്നുണ്ട്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി 11,43,085 വൈദ്യുതി കണക്ഷനുകൾ നൽകിയിട്ടുണ്ട്.

(ഇ) വൈദ്യുതി കണക്ഷൻ നൽകുന്നതിനുവേണ്ടി സാധാരണയായി സബ്സ്റ്റേഷനുകൾ നിർമ്മിക്കേണ്ടതില്ല. എന്നാൽ വൻകിട വ്യവസായ ശാലകൾ/വ്യവസായ കേന്ദ്രങ്ങൾ/വിമാനത്താവളങ്ങൾ ഇങ്ങനെ വളരെയധികം ലോഡുള്ള കണക്ഷനുകൾ നൽകേണ്ടി വരുമ്പോൾ സബ്സ്റ്റേഷൻ നിർമ്മിച്ചതിനുശേഷമേ കണക്ഷൻ നൽകാൻ കഴിയുകയുള്ളൂ. സാധാരണയായി സംസ്ഥാനത്തെ പ്രസരണശൃംഖല ശക്തിപ്പെടുത്തുന്നതിനും പ്രസരണ-വിതരണ നഷ്ടം കുറയ്ക്കുന്നതിനും വോൾട്ടേജ് മെച്ചപ്പെടുത്തുന്നതിനുമായാണ് സബ്സ്റ്റേഷനുകൾ നിർമ്മിക്കുന്നത്. മൊത്തം എത്ര സബ്സ്റ്റേഷനുകൾ പണിയണം എന്നു തിട്ടപ്പെടുത്തിയിട്ടില്ല. വിവിധ സാമ്പത്തിക ഏജൻസികളിൽ നിന്നും ഓരോ സാമ്പത്തിക വർഷവും വായ്പയായി ലഭിക്കുന്ന തുക കണക്കാക്കി വിവിധ പ്രദേശങ്ങളിലെ ലോഡിന്റെ ആവശ്യകത കണക്കിലെടുത്ത് സബ്സ്റ്റേഷനുകൾ പണിയുകയാണ് ചെയ്യുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 24 സബ്സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. വരുന്ന രണ്ടു വർഷത്തിനുള്ളിൽ 149 സബ്സ്റ്റേഷനുകൾ നിർമ്മിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

23 (*53) പട്ടികജാതി-പട്ടികവർഗ്ഗ കോളനികളുടെ വികസനം

<u>ശ്രീമതി കെ.ആർ. ഗൗരിയമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ കോളനികളുടെ വികസനം ലക്ഷ്യമാക്കി എന്തെങ്കിലും പ്രത്യേക പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ ഈ പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഈ പദ്ധതിയുടെ പ്രവർത്തനം എന്നാണ് ആരംഭിച്ചതെന്നും ഏതെല്ലാം കോളനികളിലാണ് ആരംഭിച്ചതെന്നും വ്യക്തമാക്കുമോ?

പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി <u>(ശ്രീ. കെ. രാധാകൃഷ്ണൻ)</u> :

(എ) പട്ടികജാതി-വർഗ്ഗ സങ്കേതങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ എത്തിക്കുന്നതിനും വിദ്യാഭ്യാസ-സാമ്പത്തിക ഉന്നമനത്തിനുംവേണ്ട പദ്ധതികൾ സർക്കാരും തദ്ദേശ സ്ഥാപനങ്ങളും നടത്തിവരുന്നുണ്ട്. ഏറ്റവും പിന്നോക്കാവസ്ഥയിലുള്ള സങ്കേതങ്ങളുടെ സമഗ്രവികസനത്തിനായി തീവ്ര സങ്കേത വികസന പരിപാടി (ഐ.എച്ച്.ഡി.പി.) ആവിഷ്ക്കരിച്ചിട്ടുണ്ട്. ഓരോ സങ്കേതത്തിന്റെയും വികസനത്തിന് കർമ്മ പരിപാടി തയ്യാറാക്കി ബന്ധപ്പെട്ട വകുപ്പുകൾ മുഖേന നടപ്പാക്കുകയായിരുന്നു പതിവ്. ഇപ്പോൾ ബ്ലോക്ക് പഞ്ചായത്തുകൾ മുഖേനയാണ് ഇത് നടപ്പിലാക്കി വരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly